
പ്രകൃതി വിസ്മയം

# ആശംസ

മാലോത്ത് കസ്ബ ലിറ്റിൽ കൈറ്റ്സിൻ്റെ നേതൃത്ത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എൻ്റെ എല്ലാ വിധ പിൻതുണയും നൽകുന്ന തോടൊപ്പം കുട്ടികളുടെ സർഗ്ഗവാസന പരിപോഷിപ്പിക്കുവാൻ ഈ പ്രവൃത്തനങ്ങൾ സഹായിക്കട്ടെ എന്ന് ആശംസിക്കു ന്നു.

സ്നേഹപൂർവ്വം
ശങ്കരൻ പി ഹെഡ്മാസ്റ്റർ
ജി എച്ച് എസ് എസ് മാലോത്ത് കസ്ബ

# അമ്മ

അമ്മ എൻ വീടിൻ ദീപം
അമ്മയിലൽ തെളിയിന്നു ...
അളവില്ലാത്ത സ്നേഹം
അമ്മ തൻ ചൂടേറ്റ് കിടക്കുന്ന നേരം...
ലഭിച്ചിട്ടുന്നു കരുതൽ
ഭൂമിയിലെ ദേവിയാമെന്നമ്മ...
കുരുല്ല മനസ്സിലെ മാലാഖയാമെന്നമ്മ
മക്കൾക്കായി വാദിക്കുന്നവളാമെന്നമ്മ
മക്കൾക്കായി തന്നുടെ ജീവൻ വെടിയുന്നവളമ്മ
പനിച്ചു കിടക്കുന്ന തൻ കുഞ്ഞിനെ
നോക്കി നീറുന്ന വേദനയോടെ
ഉറക്കമിളച്ച് രാപകലില്ലാതെ
കുഞ്ഞില്ലരികിൽ നിന്നവൾ
തന്നിലെ ഇളം ചൂട് തന്നവളാമെന്നമ്മ...
അമ്മേ നീ തന്നെ
ഭൂമിയിലെ മാലാഖ..

അനുമോൾ എ .കെ
10 A

# <u>തത്തമ്മ</u>

തത്തി തത്തി താളത്തിൽ തുള്ളും തത്തമ്മേ
തക്കം നോക്കി പാറും തത്തമ്മേ
നിന്നുടെ പേരെന്നോട് പറയാമോ?
നിന്നുടെ നാടേതാന്ന് പറയാമോ?
ദൂരെ ദൂരെ പോകാതേ
പാറി പാറി പോകാതെ
പേരും നാടും ചൊല്ലു തത്തമ്മേ
തത്തി തത്തി താളത്തിൽ തുള്ളും തത്തമ്മേ
തക്കം നോക്കി പാറും തത്തമ്മേ

Alphonsa jose
8 c

## ഓർമ്മകൾ മായാതെ

ഓർമ്മകൾ മായാത്ത
ജാലകങ്ങളായി മാറുമീ
മായാ കാഴ്ചയോ ജീവിതം
ജീവിതത്തിലൂടനീളം
ഇന്ദ്രജാലം പോൽ മാറുന്ന
നീതികൾ,ശീലങ്ങൾ,പ്രകൃതി
പോലും മാറ്റുന്ന മനുഷ്യർ
ഓരോ നൂറ്റാണ്ടുകളും ഓരോ
പ്രവൃത്തികളുമായി ,നമ്മുടെ ജീവിതങ്ങൾ
മാറികൊണ്ടേയിരിക്കുന്നു
നാളെ ചിന്തിക്കും
ഇന്നിലേക്ക് മടങ്ങിപോകാൻ
എന്നാലും കഴിയില്ലന്നറിയുമ്പോൾ
ഇന്നിലെത്തെപോലെ ഇന്നിനെ
മാറ്റാൻ കഴിയും

ക്ലറീന സി.ജെ
10A

# എന്റെ പൂമ്പാറ്റ

പൂവിൽ ഇരിക്കും പൂമ്പാറ്റേ
എന്തു രസവാം നിന്നെ കാണാൻ
എന്തു ഭംഗിയാ നിൻ പൊൻ ചിറകിൽ
എന്റെ കൂടെ കളിക്കാൻ മരുന്നോ?
എന്റെ കുഞ്ഞി പൂമ്പാറ്റേ
നീ എന്റെ കൂടെ വന്നാൽ ഞാൻ
നിനക്ക് തേൻ തരാം
എന്റെ കൂടെ നീ വരുന്നോ?
എന്റെ കുഞ്ഞി പൂമ്പാറ്റേ
എന്റെ കൊച്ചു പൂമ്പാറ്റേ
നീ എങ്ങോട്ടാ പോകുന്നേ?
എന്റെ കുഞ്ഞി പൂമ്പാറ്റേ
റ്റാ റ്റാ പൂമ്പാറ്റേ
എന്റെ കൊച്ചു പൂമ്പാറ്റേ

ALPHONSA .A.K
8C

# മയിൽ

നമുക്ക് എറ്റവും
ഇഷ്ടമുള്ള പക്ഷിയാണ് മയിൽ .നമ്മുടെ വീടുകളിലും കാവുകളിലും
കാണപ്പെടുന്ന
ഒരു പക്ഷിയാണ് മയിൽ.ഭഗവാൻ സുബ്രമണ്ണ്യന്റെ
വാഹനമാണ് മയിൽ,എനിക്ക് മയിലിന്റെ പീലി ഭയകര ഇഷ്ടമാണ് .
മയിൽ പീലി നമ്മുടെ വീടുകളിൽ വെയ്ക്കാറുണ്ട്. എന്റെ ഏറ്റവും
ഇഷ്ടപക്ഷി മയിലാണ്. നമ്മുടെ ദേശീയ പക്ഷിയാണ് മയിൽ. മയിൽ
പീലിവിടർത്തുന്നത് കാണാൻ നല്ല രസമാണ് ഭഗവാൻ കൃഷ്ണന്റെ
തലയിൽ ചൂടിയത്
മയിൽ പീലിയാണ്

ശിവന്യ.പി 8A

# എന്റെ മഴ

തുള്ളിതുള്ളി വരുന്നമഴ
തുള്ളിക്കൊരുകുടം എന്ന
മഴ ആഞ്ഞതിമിർത്ത്
വരുന്നമഴ തൊടും പുഴയും
കരകയറും ആർത്തു പെയ്യുന്ന
മഴക്ക് മുന്നിൽ വൃക്ഷങ്ങൾ
തലകുമ്പിട്ടിടുന്നു കാൽ ചുവട്ടിലെ
മണ്ണ് പോകാതിരിക്കാൻ മരങ്ങൾ
ആഞ്ഞുപരിശ്രമിക്കുന്നു ആ ശ്രമം
പരാജയം ആകുന്നു തുള്ളിപ്പാഞ്ഞു
വരുന്നമഴ

അയന സജി 8C

# കൂട്ടുക്കാരിക്ക്....

നിന്റെ വേർപിരിയൽ എന്നെ വല്ലാതെ തളർത്തി കളഞ്ഞു
നീ എന്റെ കൂടെ ഉണ്ടായിരുന്ന നിമിശങ്ങളിൽ ഞാൻ അറിഞ്ഞിരു
ന്നില്ല ഇന്ന് ഞാൻ അറിയുന്ന കൂട്ടുക്കാരി നിന്നെ നീ വരില്ലല്ലോ
ഞാൻ കൊതിക്കുന്ന നിന്റെ വരവിനായി നിന്റെ ഓരോ പുഞ്ചിരിയും എൻ മനസ്സിൽ മായാതെ
നിൽക്കുന്നു ഞാൻ കാത്തിരുന്നു നിനക്ക് വേണ്ടി നിന്റെ ഓർമ്മകൾ എന്റെ മനസിനെ
വല്ലാതെ വേദനിപ്പിക്കുന്നു നിൻ വിളി ഇനി ഒരിക്കലും വരുകയില്ല അതറിയാം പക്ഷേ ഞാൻ
ആഗ്രഹിക്കുന്നു നിൻ വിളിക്കായ് പ്രിയ കൂട്ടുക്കാരി..

ബിജിത. ബിനു 10A

# പൂച്ചമ്മ

പാലു തിളച്ചു
മറിയുന്ന കണ്ടിട്ടോ
പാലപ്പം ചുട്ടതു
പാത്രത്തിൽ കണ്ടിട്ടോ
പിന്നെയും പിന്നെയും
എന്തിനാ പൂച്ചമ്മേ
നോക്കിയിരിക്കുന്നു
കിച്ചമിലേക്കു നീ
കാച്ചിയ പാലും
കുടിക്കുവാനല്ലല്ലോ
പാത്രത്തിൽപാലപ്പം
കണ്ടിട്ടു മല്ലല്ലോ
കിച്ചണിൽ പമ്മി
യിരിക്കുന്ന ചുണ്ടെലി
ക്കുട്ടന്റെ കുട്ടി
ക്കളിക്കാണാൻ നിന്നു ഞാൻ

വിജയ് 9A







KITE
VICTERS




Akshay.M






XPLOD
JBL
The badspirit
Arjun
Hari

# EDITORIAL BOARD

**ABHISHAI JOHN PHILIP**
**GEORGE C.J**
**DEON MATHEW N.V**
**ANN MARIA**